# വസന്തം



## ലിറ്റിൽ കൈറ്റ്സ് ക്ലബ്

**സെന്റ്. റീത്താസ് എച്ച് .എസ്**

**പൈങ്കുളം**

-

-

# എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ - സി. ലിസ്സി എസ് എച്ച്

സബ് എഡിറ്റേഴ്സ് - ജിജോ ജി. കൊച്ചുപുര

സ്റ്റുഡന്റ് എഡിറ്റർ - നന്ദു എസ്

കവർ ഡിസൈൻ - അർച്ചന രാജ്

# ആശംസ



കുട്ടികളിലെ സർഗ്ഗാത്മക കഴിവുകളെ വളർത്തുന്നതിന് നാം ഇന്ന് പല മാർഗ്ഗങ്ങൾ അവലംബിക്കുന്നു. ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിലുള്ള ഈ ഡിജിറ്റിൽ മാഗസ്സിൻ കുട്ടികളിലെ സർഗ്ഗവാസനകളെ ആധുനിക സാങ്കേതിക വിദ്യയിലൂടെ അവതരിപ്പിക്കുവാൻ വേദിയൊരുക്കുന്നു. ഈ ഉദ്യമത്തിൽ പങ്കുചേർന്ന എല്ലാ വിദ്യാർത്ഥികളെയും അവർക്കു വേണ്ട നിർദ്ദേശങ്ങൾ നല്കിയ അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു. ഈ ഡിജിറ്റൽ മാഗസ്സിന് എന്റെ എല്ലാ ആശംസകളും നേരുന്നു.

സി. ലിസ്സി എസ്.എച്ച് (ഹെഡ്മിസ്ട്രസ്)

# ഉള്ളടക്കം


1. ഭാവി - ഇ എ മുഹമ്മദ് ഷാഹിദ്

2. മടക്കയാത്ര - ആദിത്യ സുരേഷ്

3. എന്റെ അമ്മ - അർച്ചന രാജ്

4. ളുലികാനാമങ്ങൾ - വി എസ് ഹരിഹരൻ

5. അനുകമ്പ - ആസിയ ഹനീഫ

6. എന്റെ വിദ്യാലയം - ദേവിക ബിജു

7. മഴയുടെ മൗനം - അലീന ജോസ്

8. പ്രകൃതിയെ തൊട്ടറിയാം - നന്ദു എസ്

9. എൻ സൗഹൃദം - നിസ്സാം വി എൻ

10. വായന - ആൽഫീന നവാസ്

11. സുഹൃത്ത് - ആനന്ദ് അശോകൻ

12. പഴഞ്ചൊല്ലുകൾ - മുഹമ്മദ് ഷമ്മാസ് കെ

13. കത്തിയെരിയുന്ന ഭൂമി - ആഷിക് സജീവ്

14. കടംകഥകൾ - അനന്ദു അപ്പച്ചൻ

15. ഇന്ത്യൻ ലോട്ടസ് - സഹൽ കെ ഷാഹുൽ

16.പുഴയുടെ വേദന - അശ്വിൻ സുരേഷ്

17. പായുന്ന കാർ - ആര്യനന്ദ രാജു

18. എൻ മനം - അനശ്വര വിശ്വനാഥൻ

19. വേനൽക്കെടുതി - ആൽവിറ്റോ സജി

20. പച്ചപ്പ് - അലൻ ബെന്നി

21. പൂക്കാലം - റോസ്മേരി ബെന്നി

# ഭാവി



ഇ എ മുഹമ്മദ് ഷാഹിദ്

നിശബ്ദമാം ക്ലാസ് മുറി

കൊത്തുപണികൾ ചെയ്ത ഡസ്കുകൾ

മുന്നിലും പിന്നിലും ഭാവിയോടു

മല്ലിടുന്ന യോദ്ധാക്കൾ

കൊച്ചു കൊച്ചു തമാശകൾ

ഒഴുകിയെത്തുന്ന ജനാലപ്പാളി

ക്കുമപ്പുറം വിചിത്രമാം ലോകം

അതിലേക്കു കടക്കുവാൻ ഭാഗ്യപരീക്ഷണം

ഭാവിലേക്കു കുത്തി വരയ്ക്കുന്നു

മുന്നിൽ കറുപ്പിച്ചു പുള്ളികൾ മാത്രം





# മടക്കയാത്ര



ആദിത്യ സുരേഷ്

മനസിലെ ഉത്സവകാലം

യാത്ര പറയുകയായി

ഒന്നിച്ചു ചേർന്ന നിമിഷങ്ങൾ

സന്തോഷാശ്രുക്കളും ദുഃഖത്തിന്റെ

അടങ്ങാത്ത തിരകളും

ഇളകി മറിഞ്ഞ മനസിൽ നിറയെ

ഈ സൗഹൃദമായിരുന്നു

വീണ്ടും കാർമേഘമെത്തുകയായി

മടക്കയാത്ര എന്ന മഹാ സങ്കടത്തിലേക്ക്



അർച്ചന രാജ്

# എന്റെ അമ്മ



സ്നേഹത്തിൻ വരദാനമാണ് അമ്മ
കരുണതൻ കടലാണ് അമ്മ
കുടുംബത്തിൻ പ്രകാശമാണ് അമ്മ
എൻ അമ്മ എന്തു നല്ല അമ്മ

ഭൂമിയൽ ഏറ്റവും ശ്രേഷ്ഠയാണമ്മ
എൻ കുടുംബമാം മലർവാടിയിൽ
സമാധാനത്തിൻ ചിത്രശലഭമാണ് അമ്മ
എൻ അമ്മ എന്തു നല്ല അമ്മ

ജീവിതപാതയിൽ മെഴുതിരി വെട്ടമാണമ്മ
വിദ്യാർത്ഥിജീവിതത്തിൽ അദ്ധ്യാപികയാണമ്മ
എൻ കൂട്ടുകാരിയാണ് എൻ അമ്മ
എൻ അമ്മ എന്തു നല്ല അമ്മ

കാരുണ്യ നിറകുടമാണമ്മ
കരുണതൻ മകുടമാണമ്മ
ശാന്തിതൻ ശലഭമാണമ്മ
എൻ അമ്മ എന്തു നല്ല അമ്മ

# തൂലികനാമങ്ങൾ



വി എസ് ഹരിഹരൻ

| | | |
|---|---|---|
| കേരളപാണിനി | - | എ ആർ രാജരാജവർമ്മ |
| ഇ എം കോവൂർ | - | കെ മാത്യു ഐപ്പ് |
| കാക്കനാടൻ | - | ജോർജ്ജ് വർഗ്ഗീസ് |
| പ്രേംജി | - | എം പി ഭട്ടതിരിപ്പാട് |
| കേരളകാളിദാസൻ | - | കേരളവർമ വലിയകോയിത്തമ്പുരാൻ |
| എൻ എൻ കക്കാട് | - | കെ നാരയണൻ നമ്പൂതിരി |
| കോവിലൻ | - | വി അയ്യപ്പൻ |
| കേസരി | - | കേസരി ബാലകൃഷ്ണപിള്ള |
| കേരള വാട്ടർ സ്കോട്ട് | - | സി വി രാമൻപിള്ള |
| കേരള വ്യാസൻ | - | കൊടുങ്ങല്ലൂർ |
| ഒളപ്പമണ്ണ | - | സുബ്രഹ്മണ്യൻ നമ്പൂതിരി |



# അനുകമ്പ



ആസിയ ഹനീഫ

ഒരു പീഡയെറുമ്പിനും വരു -
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര ! നൽകുകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും



അരുളാൽ വരുമിമ്പമൻപ് പക -
ന്നൊരു നെഞ്ചാൽ വരുമല്ലലൊക്കെ
ഇരുളൻ പിന്നെ മാറ്റമല്ലലിൻ
കരുവാകും കരുവാമിതേതിനും

അരുളൻപനുകമ്പ മൂന്നിനും
പൊരുളൊന്നാണിതു ജീവതാരകം
അരുളുള്ളവനാണു ജീവി യെ -
ന്നുരുവിട്ടീടുകയീ നവാക്ഷരി




അരുളില്ലയതെങ്കിലസ്ഥി തോൽ
സിര നാറുന്നൊരുടമ്പു താനവൻ
മരുവിൽ പ്രവഹിക്കുമാമ്പൗവ
പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം

(അനുകമ്പാദശകം)



ദേവിക ബിജു

# എന്റെ വിദ്യാലയം

അറിവിന്റെ വിളക്കായി ജീവിതത്തിന്റെ തണലായി ഇന്നും എന്നും ഈ വിദ്യാലയം ഞങ്ങളുടെ കൂടെയുണ്ടാവും. ഈ വിദ്യാലയവും ഇവിടുന്ന കിട്ടിയ അറിവുകളും ഞങ്ങളുടെ ജീവിതത്തിൽ പ്രകാശം നിറയ്ക്കുകയായിരുന്നു. ഞങ്ങളിലെ തിന്മയെ അകറ്റി നന്മയുടെ പാതയിലേക്ക് കൈപിടിച്ച് കയറ്റുകയായിരുന്നു. ഞങ്ങളുടെ ചുണ്ടിൽ വിരിയുന്ന ഓരോ ചെറു പുഞ്ചിരിക്കു പിന്നിലും ഈ വിദ്യാലയമായിരിക്കും. ഇവിടുന്ന് പകർന്നു തന്ന അറിവുകളായിരിക്കും. ഈ വിദ്യാലയം ഇനിയും ഉന്നതങ്ങളിലേക്ക് വളരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.





# മഴയുടെ മൗനം

അലീന ജോസ്

എന്നോ പെയ്ത് തോർന്ന മഴയുടെ

വരവിനായ് കാത്തിരിക്കും വേഴാമ്പലായി ഞാൻ

നിന്റെ നനഞ്ഞ പുഞ്ചിരിയിൽ

നിറഞ്ഞൊഴുകിയ നദിയും അരുവിയും

നിന്നെപോലെ തന്നെ എങ്ങോ മാഞ്ഞു

ഇനിയും വെടിഞ്ഞൂടെ മാരി നിന്റെ മൗനം

വരണ്ടുണങ്ങിയ ഭ്രമിതൻ

നെറുകിൽ ഒരു തുള്ളി ജലത്തിൻ

തലോടലിനായി കേഴുന്നത് നീ

കേൾക്കുന്നില്ലയോ !



# പ്രകൃതിയെ തൊട്ടറിയാം



നന്ദു എസ്

ക്ലാസ്സ്മുറികളിലെ നാലു ചുവരുകൾക്കുള്ളിൽ മാത്രമല്ല നമ്മുടെ ചുറ്റുമുള്ള വിശാലലോകത്ത് ധാരാളം വിജ്ഞാന ചെപ്പുകൾ നമ്മുക്കായി പ്രകൃതി ഒളിപ്പിച്ചുവച്ചിട്ടുണ്ട്. വീട്ടിൽ നിന്നും വിദ്യാലയത്തിലേക്കുള്ള യാത്രകളിലും അവധിക്കാലത്ത് നാട്ടിൻപുറങ്ങളിലൂടെയുള്ള യാത്രകളിലും നടവഴികളിലും ഇടവഴികളിലും സാകൂതം നിരീക്ഷിച്ചാൽ ഒരുപാടു കാര്യങ്ങൾ നമ്മുക്ക് കണ്ടെത്താം. ഈ അദ്ധ്യായന വർഷത്തിൽ നേച്ചർ ക്ലബിന്റെ ആഭിമുഖ്യത്തിൽ ഓരോക്ലാസ്സിന്റെയും നേതൃത്വത്തിൽ നേച്ചർ വാച്ച് ആക്ടിവിറ്റിക്ക് തുടക്കം കുറിക്കാം. ഓരോ വിദ്യാർത്ഥിയും ഒരു കൊച്ച് കുറിപ്പുപുസ്തകവും പേന / പെൻസിൽ കൈയിൽ കരുതണം.

ഓരോ ദിവസവും വീട്ടിൽ നിന്നു വിദ്യാലയത്തിലേക്കും തിരിച്ചുമുള്ള യാത്രകളിൽ നാം കാണ്ടെത്തിയ 5 കാര്യങ്ങൾ എഴുതിയെ വരച്ചോ ചേർക്കണം. മാസാവസാനം ക്ലാസ്സ് തലത്തിൽ ക്രോഡീകരിക്കുകയും നേച്ചർ ക്ലബിൽ അവതരിപ്പിക്കുകയും വേണം. നാട്ടുപൂക്കൾ, നാട്ടുപഴങ്ങൾ, വിത്തുകൾ, പക്ഷിത്തൂവൽ മുതലായവ ശേഖരിച്ച പ്രദർ ശനവും ഒരുക്കാം.



# എൻ സൗഹൃദം



നിസ്സാം വി എൻ

ഓർമ്മകൾ പുതുമാരി പെയ്യുമി

മനസ്സിന്റെ പൂമുഖതിണ്ണയിൽ

തുള്ളികൾ ആർദ്രം പെയ്തൊഴിയേ

സാന്ദ്രമേതോ അനുരാഗവിണയിൽ

അറിയാതെ വിരൽ മീട്ടും നിമിഷം

അന്തരംഗത്തിൽ നിറയുന്ന ഹർഷം

ആകാശച്ചെരുവിൽ മഴവില്ല തീർക്കവേ

ഒഴുകുന്ന മഴനീർത്തുള്ളികൾക്കിടയിൽ

കടലാസു തോണിയിലൊഴുകുന്ന സൗഹൃദം

ഇന്നുമെൻ മാറോടടുപ്പിക്കാൻ സ്വന്തമായ്

നീ തന്ന മിഴിനീരുമാത്രം

ഒട്ടുവിലക്കണ്ണീർ പൊഴിയുന്ന നേരത്ത്

മനതാരിതെന്തിനോ തേങ്ങി !



# വായന




ആൽഫീന നവാസ്

**വായന എന്നത് മനുഷ്യരിൽ വേണ്ട സദ്സ്വഭാവങ്ങളിൽ ഒന്നാണ്. വായനയിലൂടെ നമുക്ക് അറിവും വിജ്ഞാനവും ശേഖരിക്കാം. 'വായന' എന്ന ഒറ്റവാക്ക് കേൾക്കുമ്പോൾ തന്നെ മലയാളികളുടെ മനസ്സിലേക്ക് ഓടിവരുന്ന രണ്ടു വരികൾ ഉണ്ട്.**

***"വായിച്ചാലും വളരും വായിച്ചില്ലേലും വളരും***
***വായിച്ചാൽ വിളയും വായിച്ചില്ലേൽ വളയും"***

**ഇവ കുഞ്ഞുണ്ണിമാഷിന്റെ എല്ലാവർക്കും ഇഷ്ടപ്പെട്ട വരികളാണ്. മലയാളികൾ വായനദിനവും ആഘോഷിക്കുന്നു. വായന ദിനം മനുഷ്യരിലെ ഓർമ്മ പുതുക്കുന്ന ദിവസമാണ്. മലയാളിയെ എഴുത്തും വായനയും പഠിപ്പിക്കാൻ ജീവിതം മാറ്റിവച്ച പി എൻ പണിക്കരുടെ ചരമദിനമാണ് ജൂൺ 19. അന്നുതന്നെയാണ് നാം വായന ദിനം ആഘോഷിക്കുന്നത്. 1909 മാർച്ച് 1 ന് കോട്ടയം ജില്ലയിൽ ജനിച്ച പിന്നീടുള്ള കാലമത്രയും കൂട്ടുകാരോടൊപ്പം വീടുകൾ കയറിയിറങ്ങി ഒരു ഗ്രന്ഥശാല തന്നെ അദ്ദേഹം തുടങ്ങി. വായന എന്ന ഒറ്റ ലക്ഷ്യമായിരുന്നു അതിനു പിന്നിൽ.**

**വായനയിലൂടെ സമയം പോകുന്നത് എത്ര എളുപ്പത്തിലാണ് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. വായനയിലൂടെ നമുക്ക് നഷ്ടങ്ങളൊന്നും സംഭവിക്കാനില്ല. മറിച്ച് അറിവുകൾ നേടാനുള്ള കർമ്മപാതയാണ്.**



# സുഹൃത്ത്



ആനന്ദ് അശോകൻ

**സൗ**ഹൃദം എന്തെന്നു എന്നെ പഠിപ്പിച്ച

എന്റെ ജീവനാം എന്റെ കൂട്ടുകാർ

എന്റെ ദുഃഖത്തിനൊപ്പം കൂടെ നിന്നും

സന്തോഷത്തിൽ പങ്കുചേർന്നും

സ്നേഹത്തിൻ ഓളമായെന്റെ കൂട്ടുകാർ

ഏറെ നേരം അടുത്തും ഇത്തിരി നേരം പിരിഞ്ഞും

പ്രയാസങ്ങളെ തടുത്തും സ്വപനങ്ങളെ പിടിച്ചും

ഒറ്റക്കെട്ടായി നിൽക്കുന്ന സൗഹൃദത്തിൻ പൂന്തോപ്പ്

മറക്കില്ല ഞാനാ സൗഹൃദവും വിദ്യാലയവും

ജീവിതത്തിൻ ഭാഗമായികാണും ഞാൻ

എന്റെ തണലായി കാണും കൂട്ടുകാരെ



# പഴഞ്ചൊല്ലുകൾ



മുഹമ്മദ് ഷമ്മാസ് കെ

- പറിച്ചുനട്ടാലെ കരുത്തുകൂട്ടൂ
- അതിവിളവിന് അരി അങ്ങാടിയിൽ
- ഇടവത്തിലിടിവെട്ടും
- ഇനം ഇനത്തെക്കാക്കും, വേലി വിളവും കാക്കും
- ഇന്നലെ പെയ്ത മഴയ്ക്ക് ഇന്നുമുളച്ച തകര
- ഉഴുന്ന കാള വിത്തറിയേണ്ട
- ഒരു വിത്തു വിതച്ചാൽ പല വിത്തുവിളയും.
- കച്ചികെട്ടാനുള്ള കയർ കച്ചിയിൽ തന്നെയുണ്ട്
- കടയ്ക്കൽ നനച്ചേ തലയ്ക്കൽ പൊടിക്കൂ
- കണ്ടം വിറ്റ് കന്നിനെ വാങ്ങിയിട്ടെന്തിനാ
- കതിരിൻ മേൽ വളം വയ്ക്കരുത്
- നെല്ലറ പൊന്നറ
- ഞാറ്റുറച്ചാൽ ചോറ്റുറച്ചു



# കത്തിയെരിയുന്ന ഭുമി ...



ആഷിക് സജീവ്

*വെന്തുപൊള്ളുന്ന ഭൂമി..*

*വേനലിൽ മഞ്ഞയാം രശ്മികൾ*

*ഭൂമിതൻ നെഞ്ചിൽ തുളച്ചുകയറുന്നു*

*വേനലിൽ കത്തിയെരിയുന്നു ഭുമി*

*ഒരു തുള്ളി ദാഹജലത്തിനായി കേഴുന്നു ഭൂമി*

*ഭൂമിതൻ ശ്വാസകോശങ്ങൾ ഉരുകുന്നു*

*ഭൂമിതൻ പച്ചപരവതാനി ഓർമ്മകൾ മാത്രമായി*

*എത്ര നാൾ നീയിങ്ങനെ വിങ്ങുമെൻ വിണ്ണേ*

*എൻ പ്രാർത്ഥന കേട്ടെങ്കിലും ഒന്നു*

*പൊട്ടിക്കരയു എൻ മേഘമേ നീ...*

*നിൻ കരച്ചിലിനായി കേഴുന്നു ഞാൻ*

*ഒന്നു കനിയൂ എൻ വിൺദേവമേ നീ...*



# കടംകഥകൾ



അനന്ദു അപ്പച്ചൻ

1. അമ്മയെ കുത്തി മകൻ മരിച്ചു
2. അമ്മ കല്ലിലും മുള്ളിലും മകൾ കല്യാണ പന്തലിലും
3. അരിവയ്ക്കും മുമ്പേ കരിവയ്ക്കും
4. അമ്മപെറ്റതെല്ലാം കറിത്തപട്ടാളം
5. ഉണ്ണാത്തമ്മയ്ക്ക് ചട്ടിതൊപ്പി
6. ഉരുട്ടാം വിരട്ടാം എടുക്കാൻ വയ്യ
7. അകന്നു നിന്നു നോക്കികാണും കണ്ടതെല്ലാം അകത്താക്കും
8. അടയ്ക്കും തുറക്കും മണിമുത്തിൻ പത്തായം
9. അപ്പം പോലെ തടിയുണ്ട് അല്പം മാത്രം തലയുണ്ട്
10. അമ്പാട്ടെ പട്ടിക്ക് നാക്കിൽ പല്ല്




(ഉത്തരങ്ങൾ പേജ് 14 ൽ)

# ഇന്ത്യൻ ലോട്ടസ്



സഹൽ കെ ഷാഹുൽ

മുളയ്ക്കാനുള്ള ശേഷി ഏറ്റവും അധികകാലം നിലനിൽക്കുന്ന വിത്തുകൾ ഇന്ത്യൻ താമരയുടേതാണ്. ശാസ്ത്രനാമം നിലംബോ ന്യൂസിഫെറ. ഇന്ത്യയുടേയും വിയറ്റ്നാമിന്റെയും ദേശീയ പുഷ്പം





**ഉത്തരങ്ങൾ**

1.തീപ്പെട്ടി
2.വാഴയും വാഴപ്പഴവും
3.ചീര
4.കട്ടുറുമ്പ്
5.കച്ചിത്തുറു
6.കണ്ണ്
7. ക്യാമറ
8. കണ്ണ്
9. ആമ
10.ചിരവ

# പുഴയുടെ വേദന



അശ്വിൻ സുരേഷ്

കളകളം ഒഴുകുന്ന പുഴകളെ നിങ്ങ -

ളെവിടെയെത്തീടുമെന്നോർത്തു

ഒഴുകുന്ന കന്യയാം നിന്നെ മലിനമാ -



ക്കീടുന്ന യമനാം മനുഷ്യർ ഞങ്ങൾ

മാപ്പു നൽകു മെനിക്കുമെൻ

ജനതയ്ക്കു മാപ്പു നൽകീടുകിൽ

നിന്നിലെ പൊന്നിൻ പതക്കങ്ങ -

ളെല്ലാം കവർന്നെടുത്തീടുന്ന ക്രൂരമായിടുന്നു

ഞങ്ങൾ നിന്നുടെ മക്കളാം മത്സ്യമക്കളെ -

കൊന്നു തിന്നുന്നവർ ഞങ്ങൾ

മാപ്പു നൽകു എനിക്കു മെൻ-


ജനതയ്ക്കും മാപ്പു നൽകീടുക

# പായുന്ന കാർ



ആര്യനന്ദ രാജു

ഭംഗിയില്ലാത്ത ഒരു കറുത്ത കാർ ഉണ്ടായിരുന്നു. സങ്കടത്തിന്റെ റോഡിലൂടെ ഓടുന്നകാർ. അവൻ ഭംഗിയുള്ള കാറുകൾക്കിടയിൽ നിൽക്കാൻ ഇഷ്ടപ്പെട്ടില്ല. അവരുടെ പരിഹാസം കേട്ടുമടുത്ത് അവൻ ഒറ്റയ്ക്ക് റോഡിനരുകിൽ തനിയേ പോയി നിൽപ്പായി. പണികഴിഞ്ഞ് വിശ്രമിക്കുന്ന പെയ്ന്റ് അവനെ കണ്ടു. കാറിന്റെ സങ്കടം പെയ്ന്റിനു മനസ്സിലായി. പെയ്ന്റ് കാറിന്റെ മേലേ കയറി അവന്റെ മുതുകിലും ചുമലിലും സ്നേഹത്തോടെ തലോടി. നിമിഷനേരം കൊണ്ട് കാറ് സുന്ദരക്കുട്ടപ്പനായി. കാറിന് സന്തോഷമായി. യാത്രപോലും പറയാൻ നിൽക്കാതെ അവൻ പാഞ്ഞു. തനിക്കു കിട്ടിയ പുതുജീവൻ ആസ്വദിക്കുവാൻ





# എൻ മനം



അനശ്വര വിശ്വനാഥൻ

മഴവില്ലേ നിന്നെകാണുമ്പോൾ എന്തോരാ -
നന്ദം എൻ മനദാരിൽ
പീലിവിടർത്തിനിന്നാടും മയിലിനേപ്പോൽ
ഹാ... എന്തൊരാനന്ദം എൻ മനദാരിൽ
നിൻ അഴകേഴും മേനി കണ്ടുഞാൻ
ആനന്ദിച്ചു നിൽക്കവേ എൻ മുന്നിൽനിന്നും
മെല്ലെ മായുകയായ് നീ അപ്പോൾ എൻമനം
വാടുന്നൊരാ പൂവിനേപ്പോലെ
നിന്നെക്കുറിച്ചോർത്തു ഞാൻ നടന്നീടവേ
എൻമനം എന്നോടുചൊല്ലി
പ്രകൃതിയാം വികൃതിയല്ലേ മനുഷ്യാ
ഇതെല്ലാം... നീയും ഒരുനാൾ മാഞ്ഞു
പോകും ഓർക്കപോലും ഇല്ല പിന്നെ
നിന്നെ ഈ ഭൂമിയിലാരും
പക്ഷെ മഴവില്ലേ വീണ്ടും വരും നീ
വരില്ല ഞാൻ ഒരിക്കലും എങ്കിലും
നശിപ്പാതൊന്നുമില്ലീ പാരിൽ
പരിവർത്തനമാണെല്ലാത്തിനും
പ്രപഞ്ചമാകും പൂങ്കാവനത്തിൽ
കണ്ടുമുട്ടാം എന്ന പ്രത്യാശയോടെ
കാത്തിരിപ്പു ഞാൻ...



# വേനൽക്കെടുതി



ആൽവിറ്റോ സജി

വേനൽ നമ്മുടെ നാടിന്റെ സൗന്ദര്യമായ

പുഴകളെ വറ്റിച്ചുകളഞ്ഞിരിക്കുന്നു

പുഴകളുടെ മുഖം വികൃതമായിപ്പോയി

ജലം ഇല്ലാതെ നിശ്ചലമായി പുഴകൾ

വേനൽ നമ്മുടെ നാടിന്റെ പച്ചപ്പായ

മരങ്ങളെ കരിച്ചുണക്കിയിരിക്കുന്നു

ഭൂമിയുടെ പച്ചക്കുട നശിച്ചതുപോലെ

വേനൽ നമ്മുടെ ഭൂമിയുടെ പുതപ്പായ

പുൽപ്പരപ്പിനെ എടുത്തുമാറ്റിയിരിക്കുന്നു

ഭൂമിയുടെ പുതപ്പ് നശിച്ചതുപോല

ഇതിനൊരു പരിഹാരം മഴയാണ്.

മഴമാത്രം.....









അലൻ ബെന്നി

**കേ**രളം പച്ചപ്പുകൊണ്ട് നിറഞ്ഞുനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. കുന്നുകളും മരങ്ങളും, അങ്ങനെ പലതരത്തിലുള്ള പച്ചപ്പുകൾ. ഇതെല്ലാം കൊണ്ട് മനുഷ്യൻ സമ്പന്നനായിരുന്നു. എന്നാൽ അവന്റെ ആർത്തിമൂലം അവൻ ആപത്തിൽ പോയി വീഴുകയാണിന്ന്. മനുഷ്യൻ കുന്നുകൾ നിരത്തിയും മരങ്ങൾമുറിച്ചും അവിടെ ഫാക്ടറികൾ നിർമ്മിക്കുന്നു. തെളിനീർ നിറഞ്ഞ പുഴകൾ പ്ലാസ്റ്റിക്ക് കൊണ്ട് മലിനമാകുന്നു. കുട്ടികൾക്ക് കുടിക്കുവാൻപോലും അല്പം ശുദ്ധജലം ലഭ്യമല്ലാതായി. ഇങ്ങനെ ഓരോന്നായി നശിപ്പിക്കുന്നതിനു പകരമായി മരങ്ങളും ചെടികളും നടുകയായിരുന്നെങ്കിൽ നമ്മുടെ കേരളം പച്ചപ്പുകൊണ്ട് സുന്ദരമായേനേ. വിഷം നിറഞ്ഞ ലോകത്തിൽ നിന്നും എന്നാണ് നമുക്ക് സ്വാതന്ത്ര്യം ലഭിക്കുന്നത് എന്ന് അറിയില്ല.

വീടുകളിൽ കൃഷി ആരംഭിച്ചും പ്രകൃതിയെ സ്നേഹിച്ചും നമുക്ക് വിഷവിമുക്തമായ കേരളത്തെ വാർത്തെടുക്കാം.



# പൂക്കാലം



റോസ്മേരി ബെന്നി

പൂക്കാലം വന്നേ പൂക്കാലം

വർണ്ണപ്പൂക്കൾ വിരിഞ്ഞേ എൻ മുറ്റത്ത്

പവിഴ മുത്തുകൾപോലെയുള്ള മുല്ലപ്പൂക്കൾ

സൂര്യന്റെ ശോഭയാൽ തിളങ്ങുന്ന സൂര്യകാന്തി

പലനിറത്തിൽ എൻ പുഷ്പവല്ലി...

പലനിറത്തിൽ കിളികൾ എൻ പൂന്തോട്ടത്തിൽ

പ്രകൃതിയെ വർണ്ണപ്രകൃതിയാകും വസന്തകാല

നറുമണം പരത്തിവിരുന്നുവരുന്നൊരു

കുളിർക്കാറ്റേ സ്വാഗതം എൻ മലർവാടിയിലേക്ക്



ഹ ! എന്തൊരഭംഗി വസന്തകാലമേ നിനക്ക്

നിൻ അഴകെഴും വർണ്ണം കണ്ടുനിൽക്കവേ

വർണ്ണച്ചിറകുവിടർത്തിവരും പൂമ്പാറ്റകൾ

അയ്യോ ! പോകല്ലേ വസന്തമേ ദൂരെ

നീ പോയിടല്ലേ എന്നെ വിട്ടകലെ നീ...

വീണ്ടും വരുമെന്ന പ്രതീക്ഷയോടെ ഞാൻ

കാത്തിരിപ്പൂ നിനക്കായ്

